**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 80** **07-06-2021 - ൽ മറുപടിയ്ക്ക്**

**മാവോയിസ്റ്റ് ഭീഷണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളായ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പോലീസിന്റെ ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ഇത് നിയന്ത്രണ വിധേയമാണ്. |
| (ബി) | മുൻ സർക്കാരിന്റെ കാലയളവിൽ പോലീസുമായുള്ള ഏറ്റുമുട്ടലിൽ എത്ര മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ ; വിശദാംശം നൽകുമോ ; | (ബി) | എട്ട് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച എല്ലാ സംഭവങ്ങളിലും മജിസ്റ്റീരിയൽ ഇൻക്വയറിയും, ക്രൈം കേസ് രജിസ്റ്റർ ചെയ്തും അന്വേഷണം നടത്തിയിട്ടുള്ളതാണ്. ക്രൈം കേസുകൾ അന്വേഷണാവസ്ഥയിലാണ്. |
| (സി) | മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടത് വ്യാജ ഏറ്റുമുട്ടലിലാണെന്ന ആക്ഷേപം വസ്തുതാപരമാണോ ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | എട്ട് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച എല്ലാ സംഭവങ്ങളിലും മജിസ്റ്റീരിയൽ ഇൻക്വയറിയും, ക്രൈം കേസ് രജിസ്റ്റർ ചെയ്തും അന്വേഷണം നടത്തിയിട്ടുള്ളതാണ്. ക്രൈം കേസുകൾ അന്വേഷണാവസ്ഥയിലാണ്. |

സെക്ഷൻ ഓഫീസർ